©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2021-2023)

## ഏഴാമത് റിപ്പോർട്ട്

(2023 സെപ്റ്റംബർ 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതിയുടെ 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള പ്രവർത്തനം സംബന്ധിച്ച ജനറൽ റിപ്പോർട്ട്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2021-2023)

## ഏഴാമത് റിപ്പോർട്ട്

(2023 സെപ്റ്റംബർ 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതിയുടെ 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള പ്രവർത്തനം സംബന്ധിച്ച ജനറൽ റിപ്പോർട്ട്]**

1026/2023.

# ഉള്ളടക്കം


സമിതിയുടെ ഘടന .. v

ആമുഖം .. vii

റിപ്പോർട്ട് .. 1

അനുബന്ധം:

I. സമിതിയുടെ ഇടപെടൽ മൂലം പരിഹരിക്കപ്പെട്ട ഹർജികളിന്മേൽ ഹർജികൾ സംബന്ധിച്ച വിശദാംശം .. 9

II. ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക .. 14

III. സമിതിയുടെ പരിഗണനയിലുള്ള ഹർജികളിന്മേൽ ഗവൺമെന്റിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്ത ഫയലുകളുടെ പട്ടിക .. 18

IV. സർക്കുലർ, സർക്കാർ ഉത്തരവ് എന്നിവയുടെ പകർപ്പ് .. 31

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2021-2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. എ. സി. മൊയ്തീൻ.

<u>അംഗങ്ങൾ</u> :

ശ്രീ. എ. കെ. എം. അഷ്റഫ്

ഡോ. കെ. ടി. ജലീൽ

ശ്രീ. മാണി സി. കാപ്പൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീജ പി. കെ., അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി 25 യോഗങ്ങൾ ചേരുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ സമിതി പരിഗണിച്ച വിഷയങ്ങളിന്മേലും ഹർജികളിന്മേലും ഉള്ള അഭിപ്രായങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞിട്ടുള്ള തീരുമാനങ്ങളും തെളിവെടുപ്പ് യോഗങ്ങളിലും ജില്ലാതല സന്ദർശന യോഗങ്ങളിലും സമിതിയുടെ ശ്രദ്ധയിൽ വന്ന വിഷയങ്ങളിന്മേലുള്ള സമിതി നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2023 ആഗസ്റ്റ് 23-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. സി. മൊയ്തീൻ,

*ചെയർമാൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2023, സെപ്റ്റംബർ 11.

# റിപ്പോർട്ട്

ലോകത്ത് ഏറ്റവും വലിയ പ്രവാസി സമൂഹമുള്ള രാജ്യങ്ങളുടെ നിരയിലാണ് ഇന്ത്യയുടെ സ്ഥാനം. ഏറ്റവും ഉയർന്ന തോതിൽ പ്രവാസി നിക്ഷേപം വരുന്ന രാജ്യവുമാണ് നമ്മുടേത്. കേരളത്തിന്റെ സാമ്പത്തിക പുരോഗതിയിൽ സുപ്രധാന പങ്ക് വഹിക്കുന്നത് പ്രവാസികളാണ്. കേരളത്തിൽ ഇന്ന് നാം കാണുന്ന അഭിവൃദ്ധിക്ക് കാരണം ഒരുവേള പ്രവാസിയുടെ വിയർപ്പാണ്. രാജ്യത്തിന്റെ സാമ്പത്തിക, സാമൂഹിക സാഹചര്യങ്ങൾ രൂപപ്പെടുത്തുന്നതിൽ പ്രവാസികൾക്ക് കാര്യമായ പങ്ക് വഹിക്കാനാകും. പ്രവാസികൾ ആർജ്ജിച്ചെടുത്ത അറിവും കഴിവും ആശയങ്ങളും നൈപുണ്യവും സാങ്കേതികജ്ഞാനവും ലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും വിലമതിക്കാൻ കഴിയാത്തവയാണ്.

ഭാരതചരിത്രത്തിൽ വിദേശികൾ ആദ്യം എത്തപ്പെട്ടതും ആധിപത്യം സ്ഥാപിച്ചതും കേരളത്തിലാണെന്നിരിക്കെ ഇത്തരത്തിലുള്ള പ്രവാസികൾ ചേർന്ന് രൂപപ്പെട്ട സമൂഹത്തിൽ പ്രവാസത്തിന്റെ സാന്നിദ്ധ്യം ശക്തമാണ്. യുദ്ധം, ആഭ്യന്തരകലാപം, അഭയാർത്ഥിപ്രവാഹങ്ങൾ തുടങ്ങി പല കാരണങ്ങൾ പ്രവാസത്തിന് വഴിവയ്ക്കുമെങ്കിലും മലയാളികളുടെ പ്രവാസം പ്രധാനമായും ഉപജീവനത്തിന് വേണ്ടിയായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിൽത്തന്നെ ചുറ്റുമുള്ള ബ്രിട്ടീഷ് അധിനിവേശ പ്രദേശങ്ങളിലേക്ക് മലയാളികൾ ചേക്കേറാൻ ആരംഭിച്ചു. സിലോണായിരുന്നു അവരുടെ സ്വപ്നഭൂമി. കൂടാതെ ബർമ്മ, മലേഷ്യ, സിംഗപ്പൂർ, അമേരിക്ക എന്നിവിടങ്ങളിലേക്ക് കേരളീയർ പോയെങ്കിലും മലയാളികളുടെ വലിയ പ്രവാസ കാലഘട്ടം ആരംഭിക്കുന്നത് 1970 കളിലാണ്. അറേബ്യൻ നാട്ടുകളിൽ വൻതോതിൽ എണ്ണ ഖനനം ആരംഭിച്ചതും അതിന്റെ ഫലമായി ഗൾഫ് നാട്ടുകളിൽ നിർമ്മാണ വിപ്ലവത്തിന് തുടക്കം കുറിച്ചതും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രവാസികൾ ഗൾഫ് നാട്ടുകളിലേക്ക് ഒഴുകാൻ തുടങ്ങിയതും ഇക്കാലഘട്ടത്തിലാണ്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കേരളത്തിന്റെ സാമൂഹിക ചിത്രം മാറുകയും കേരളീയർ ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് ചേക്കേറുന്ന ഒരവസ്ഥ ഉണ്ടാവുകയും ചെയ്തു. പല ഘട്ടങ്ങളിലൂടെ നടന്ന കുടിയേറ്റ പരമ്പരകളിലൂടെ കേരളീയർ പ്രവാസികളുടെ വലിയ സമൂഹമായി മാറുകയും സാവധാനം കേരളത്തിന്റെ ചെറിയ അതിർവരമ്പുകളെ മറികടന്ന് ലോകമെമ്പാടും പടർന്നുനില്ക്കുന്ന ബൃഹത്തായ ഒരു കേരളീയ പ്രവാസ സമൂഹം രൂപാന്തരപ്പെടുകയും ചെയ്തു. വിശാലമായ മനസ്സും ത്യാഗസന്നദ്ധതയും സഹനബോധവും മലയാളികളെ ഉയരങ്ങളിൽ എത്തിച്ചു. ഏകദേശം 2.2 മില്യൻ മലയാളികൾ പ്രവാസികളാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

പ്രവാസികളുടെ ദീർഘകാലത്തെ പ്രവാസജീവിതത്തിനുശേഷം നാട്ടിലേക്ക് മടങ്ങുമ്പോൾ ആ മാറ്റം അനായാസകരമായിരിക്കണം. അതോടൊപ്പം വിശ്രമജീവിതം സന്തോഷകരവും സമാധാനപരവുമായിരിക്കുയും വേണം. അതിനുതകുന്ന വിധത്തിൽ സംരംഭകത്വത്തിലേക്കും മറ്റും അവരെ നയിക്കേണ്ടതുണ്ട്. പ്രവാസജീവിതത്തിന് തുടക്കം കുറിക്കുമ്പോഴെന്നതുപോലെ പ്രവാസജീവിതം അവസാനിപ്പിച്ച് പ്രതീക്ഷാനിർഭരമായ മനസ്സോടെ സ്വന്തം നാട്ടിലേക്ക് മടങ്ങുന്ന പ്രവാസികളെ ചേർത്തുപിടിക്കുന്നതിലൂടെ അവരുടെ ഭാവിജീവിതം ശോഭനമാക്കുവാനും ദിശാബോധത്തോടെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടിയാണ് പന്ത്രണ്ടാം കേരള നിയമസഭയുടെ കാലയളവിൽ 31-7-2010-ൽ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി രൂപീകരിച്ചത്. പ്രവാസികളുടെ സുരക്ഷിതമായ ദേശാന്തരഗമനം ഉറപ്പാക്കുക, മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസവും പുനർസമന്വയവും ഉറപ്പാക്കുക, പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന നോർക്ക റൂട്ട്സുമായി ചേർന്ന് വിവിധ ക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് അവ ത്വരിതപ്പെടുത്തുന്നതിനോടൊപ്പം പ്രവാസികളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനും അപ്രകാരം പ്രവാസജീവിതത്തിൽ സുപ്രധാന പങ്ക് വഹിക്കുക എന്നതുമാണ് പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ കർത്തവ്യങ്ങൾ. ഈ കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ സമിതി പ്രതിജ്ഞാബദ്ധമായി പ്രവർത്തനനിരതമാകുന്നുവെന്ന് തെളിയിക്കുന്നതാണ് ഓരോ വർഷത്തെയും സമിതിയുടെ ജനറൽ റിപ്പോർട്ട്.

2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനങ്ങളും സമിതിയുടെ പരിഗണനയിലുള്ളതും നാളിതുവരെ സർക്കാരിൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിക്കാത്തതുമായ ഹർജികളുടെയും, സമിതിയുടെ ഇടപെടൽ മൂലം പരിഹരിക്കപ്പെട്ട ഹർജികളുടെയും സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി ഇരുപത്തി അഞ്ച് യോഗങ്ങൾ ചേർന്നു. ഈ യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർനില 55.5 ശതമാനമായിരുന്നു. അതിൽ അഞ്ച് യോഗങ്ങൾ ന്യൂ ജനറേഷൻ ബാങ്കുകളും SLBC യും 'NDPREM' പ്രകാരം നല്കുന്ന വായ്പകൾ, സാന്ത്വന പദ്ധതി, യുക്രൈനിൽ വിദ്യാഭ്യാസം തുടരവേ യുദ്ധസാഹചര്യത്തിൽ നാട്ടിൽ തിരിച്ചെത്തിയ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ, വിദേശ റിക്രൂട്ടിംഗ് ഏജൻസികൾ, സൗജന്യ ആംബുലൻസ് സേവനം തുടങ്ങി പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന്

തെളിവെടുപ്പ് നടത്തുന്നതിനായിരുന്നു. സമിതി കോഴിക്കോട് ജില്ലയിലെ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും പ്രവാസികാര്യ വകുപ്പ്, നോർക്കറൂട്ട്സ്, പ്രവാസിക്ഷേമനിധി ഉദ്യോഗസ്ഥർ, പ്രവാസി സംഘടനകൾ, വ്യക്തികൾ എന്നിവരുമായി ചർച്ച നടത്തുകയും പ്രവാസിക്ഷേമം സംബന്ധിച്ച് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ അവലോകനം നടത്തുകയും പരാതികൾ സ്വീകരിക്കുകയും ചെയ്തു. സമിതി 7-8-2022 മുതൽ 14-8-2022 വരെ അഖിലേന്ത്യാ പഠനപര്യടന പരിപാടിയുടെ ഭാഗമായി രാജസ്ഥാൻ, പഞ്ചാബ്, കാശ്മീർ, ഡൽഹി എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കുകയും ജയ്പൂർ, അമൃത്സർ, ഡൽഹി എന്നിവിടങ്ങളിൽ യോഗം ചേർന്ന് നോർക്ക ഉദ്യോഗസ്ഥരുമായും മലയാളി സംഘടനകളുമായും വ്യക്തികളുമായും പ്രവാസികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും പരാതികൾ സ്വീകരിക്കുകയും ചെയ്തു. ഈ കാലയളവിൽ സമിതി മൂന്ന് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

1. സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് [സമിതി (2011-14)യുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.]

2. സമിതി(2021-23)യുടെ നാലാമത് റിപ്പോർട്ട് - ജനറൽ റിപ്പോർട്ട് [സമിതി 2020 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്.]

3. സമിതി (2021-23)യുടെ അഞ്ചാമത് റിപ്പോർട്ട് [സമിതി (2016-19)യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.]

ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്കുള്ള യാത്രാപ്രശ്നങ്ങൾക്ക് പരിഹാരം കാണുക, നിർദ്ധനരായി തിരികെയെത്തിയ പ്രവാസികളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹച്ചെലവിനും മരണാനന്തര ചെലവിനും സാമ്പത്തിക സഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതികളായ സാന്ത്വന, കാരുണ്യ തുടങ്ങിയവയിൽ കൂടുതലായി പ്രവാസികളെ ഉൾപ്പെടുത്തുക, തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതിയായ NDPREM-ൽ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്തിരുന്ന മലയാളികളെ കൂടി ഉൾപ്പെടുത്തുക, ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിൽ നോർക്കയുടെ ഓഫീസ് ആരംഭിക്കുക തുടങ്ങി വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സമിതിയുടെ ഇടപെടൽ വലിയ പങ്ക് വഹിച്ചു. കേരളീയ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമുള്ള പ്രവാസികൾക്ക് നൽകുന്ന പെൻഷൻ തുക ആനുകാലികമായി വർദ്ധിപ്പിക്കണമെന്ന സമിതി നിർദ്ദേശപ്രകാരം അറുപത് വയസ്സ് പൂർത്തിയാകുകയും അഞ്ച് വർഷത്തിൽ കുറയാത്ത അംശാദായം അടച്ചിട്ടുള്ളതുമായ പ്രവാസികൾക്ക് പ്രതിമാസം 3,500 രൂപയും മുൻ പ്രവാസികൾക്ക് 3,000 രൂപയുമായി പെൻഷൻ വർദ്ധിപ്പിക്കുകയും ചെയ്തത് സമിതിയുടെ അഭിമാനാർഹമായ നേട്ടമാണ്.

## റിപ്പോർട്ട് കാലയളവിൽ സമിതിക്ക് ലഭിച്ച ഹർജികൾ, സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകൾ, സമിതി നടത്തിയ തെളിവെടുപ്പുകൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിർദ്ദേശങ്ങൾ/ ശിപാർശകൾ

1. കേരളത്തിൽ നിന്നും ധാരാളം വിദ്യാർത്ഥികൾ പഠനാവശ്യത്തിനായി വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളിൽ പോകുന്നുണ്ട്. ഉന്നത വിദ്യഭ്യാസത്തിനായി വിദേശ സർവ്വകലാശാലകളിലേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആയതിനായി അവർ വിവിധ റിക്രൂട്ടിംഗ് ഏജൻസികളെ സമീപിക്കുകയും എന്നാൽ വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളിൽ എത്തിക്കഴിഞ്ഞാൽ ഈ ഏജൻസികൾ യാതൊരു സഹായവും നൽകാറില്ല എന്നുള്ളത് സമിതിക്കു ലഭിച്ച വിവിധ ഹർജികളിൽ നിന്നും ബോധ്യപ്പെട്ട വസ്തുതയാണ്. ആയതിനാൽ വിദേശ സർവ്വകലാശാലകളിലേയ്ക്ക് വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന കേരളത്തിലെ ഏജൻസികളുടെ അംഗീകാരം, സർവ്വകലാശാലകളുടെ അക്രഡിറ്റേഷൻ, അവ നടത്തുന്ന കോഴ്സുകളുടെ അംഗീകാരം എന്നിവ സംബന്ധിച്ചുള്ള ആധികാരികത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. രാജ്യത്തെ എമിഗ്രേഷൻ നിയമം അനുസരിച്ച് വിദേശരാജ്യങ്ങളിൽ പഠനത്തിനായി പോകുന്ന വിദ്യാർത്ഥികൾ 'migrants' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ലാത്തതുകൊണ്ട് അവർക്ക് പ്രവാസികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളോ സംരക്ഷണമോ ലഭിക്കുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ വിദ്യാർത്ഥികളെ പ്രവാസികളായി കണക്കാക്കാത്തതിനാൽ അവരെ സംബന്ധിച്ച യാതൊരു വിവരശേഖരണവും നോർക്കവകുപ്പ് നടത്തുന്നില്ലായെന്നും അതുകൊണ്ട് വിദേശരാജ്യങ്ങളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മലയാളി വിദ്യാർത്ഥികൾക്ക് യഥാസമയം സുരക്ഷാസംവിധാനം ഏർപ്പെടുത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ വിദേശരാജ്യങ്ങളിൽ പഠനത്തിനായി പോകുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വിദേശത്തു പോകുന്ന വിദ്യാർത്ഥികളുടെ അറ്റസ്റ്റേഷൻ നോർക്ക സെൽ മുഖാന്തിരം നടത്തുന്നതിനോടൊപ്പം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ആയതിലേക്കായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദേശത്തു പോകുന്ന വിദ്യാർത്ഥികളുടെ കോഴ്സ്, സർവകലാശാല എന്നിവ ഉൾപ്പെടുത്തിയ വിശദവിവരങ്ങളടങ്ങിയ പോർട്ടൽ സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് നിയമപരിരക്ഷ ഉറപ്പാക്കണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ക്യാമ്പയിൻ സംഘടിപ്പിച്ച് രജിസ്ട്രേഷന്റെ ആവശ്യകത സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. വിദേശ വിദ്യാഭ്യാസം കച്ചവടമാക്കി കുട്ടികളെ ചൂഷണം ചെയ്യുന്ന റിക്രൂട്ടിംഗ് ഏജൻസികളെ നിയന്ത്രിക്കുന്നതിന് നടപടി ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇത്തരം ഏജൻസികളെ നിയന്ത്രിക്കുന്നതിനായി നിയമനിർമ്മാണം ആവശ്യമാണെന്നും അത് സംബന്ധിച്ചുള്ള സാധുത പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

5. വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് ധാരാളം അനധികൃത റിക്രൂട്ടിംഗ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്നും അത്തരം റിക്രൂട്ട്മെന്റ് ഏജൻസികൾ മുഖേന നിരവധി തട്ടിപ്പുകേസുകൾ നടക്കുന്നുണ്ടെന്നും സമിതി വിലയിരുത്തുകയും അനധികൃതമായി നടക്കുന്ന തട്ടിപ്പ് കേസുകൾ അന്വേഷിച്ച് കർശന നിയമ നടപടികൾക്ക് വിധേയമാക്കണമെന്നും അനധികൃത ഏജൻസികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവരുടെ പ്രവർത്തനത്തെ കുറിച്ച് പരിശോധിക്കുന്നതിനും എസ്.പി.എൻ.ആർ.ഐ. സെല്ലിൽ സംവിധാനം ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. പ്രവാസികളുടെ ഡാറ്റാബേസ് രൂപീകരിക്കുന്നതിനായി സജ്ജമാക്കിയിട്ടുള്ള വെബ്പോർട്ടലിൽ എല്ലാ പ്രവാസികളും നിർബന്ധമായും രജിസ്റ്റർ ചെയ്യുന്നതിനുള്ള സത്വര നടപടി വകുപ്പിന്റെ ഭാഗത്തുനിന്നും സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇപ്രകാരം രജിസ്റ്റർ ചെയ്താൽ മാത്രമേ പ്രവാസികളെന്ന നിലയിൽ അംഗീകരിക്കപ്പെടുകയും ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടാകുകയുള്ളുവെന്നുമുള്ള വിവരം എല്ലാ പ്രവാസികളിലും എത്തിക്കുന്നതിനും അതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുമായി ബോധവൽക്കരണ ക്യാമ്പുകൾ ഉൾപ്പെടെയുള്ള പ്രത്യേക പദ്ധതികൾ പ്രവാസി സംഘടനകളുടെ കൂടി സഹകരണത്തോടെ ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. വിദേശത്തുനിന്നും തിരികെയെത്തിയ പ്രവാസികളിൽ പലരും സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പുതിയ പദ്ധതികൾ തയ്യാറാക്കി പരിശോധനയ്ക്കായി നൽകുമ്പോൾ മുതൽമുടക്കിന്റെയും സിബിൽ സ്കോറിന്റെയും പ്രശ്നങ്ങൾ ഉന്നയിച്ച് ബാങ്കുകൾ പലപ്പോഴും വായ്പകൾ നിരസിക്കാറുണ്ടെന്നും കോവിഡ്-19 സാഹചര്യത്തിൽ പല പ്രവാസികൾക്കും

വായ്പ തിരിച്ചടവ് മുടങ്ങിപ്പോയതിനാൽ സിബിൽ സ്കോർ ഇല്ലായെന്ന കാരണം ഉന്നയിച്ച് ബാങ്കുകൾ വായ്പ നിരസിക്കുമ്പോൾ അവർക്ക് പുതിയ സംരംഭം തുടങ്ങാൻ സാധിക്കാതെ വരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രവാസികൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും ബാങ്ക് വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിനും വായ്പ എത്രയും വേഗം ലഭ്യമാക്കുന്നതിനുമായി ജില്ലാടിസ്ഥാനത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. ഏകജാലകമുൾപ്പെടെയുള്ള നിരവധി സംവിധാനങ്ങൾ ഉണ്ടെങ്കിലും മടങ്ങിവരുന്ന പ്രവാസികൾക്ക് ഒരു വ്യവസായ സംരംഭമോ സ്ഥാപനമോ പെട്ടെന്നു ആരംഭിക്കുന്നതിനു ബുദ്ധിമുട്ട് ഉണ്ടാകുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. അത്തരം സാഹചര്യങ്ങളിൽ നാട്ടിലുള്ള ഒരാളെ പങ്കാളിയാക്കി കൊണ്ട് പ്രവാസിസംരംഭം ആരംഭിക്കുന്നതിനുള്ള സാധ്യത വകുപ്പ് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

9. പ്രവാസികൾക്കുള്ള വിവിധ പദ്ധതികളിലൂടെ ആനുകൂല്യം ലഭിക്കുന്നതിന് പ്രവാസ കാലയളവ് നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം അശാസ്ത്രീയമാണെന്നും വിദേശത്തുനിന്നും മടങ്ങിയെത്തിയതിനു ശേഷം വീണ്ടും വിദേശത്ത് പോകുന്ന ഒരു വ്യക്തിയുടെ പ്രവാസകാലയളവ് നിർണ്ണയിക്കുമ്പോൾ മുൻപ് വിദേശത്ത് ജോലി നോക്കിയിരുന്ന കാലം കണക്കാക്കുന്നില്ലെന്നുള്ളത് വലിയൊരു പിഴവാണെന്നും സമിതി വിലിയിരുത്തുന്നു ആയതിനാൽ പ്രവാസ കാലയളവ് നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. 60 വയസ്സ് പൂർത്തിയായതും 5 വർഷത്തിൽ കുറയാത്ത കാലയളവിൽ അംശാദായം അടച്ചിട്ടുള്ളതുമായ ഓരോ അംഗങ്ങൾക്കും പ്രതിമാസം പെൻഷൻ അനുവദിക്കുന്നുണ്ട്. ക്ഷേമനിധിയിൽ അംശാദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയവരിൽ നിന്നും പിഴ പലിശ ഈടാക്കുന്നതായും അംശാദായം അടച്ച് 60 വയസ്സ് പൂർത്തിയായതിനുശേഷം പെൻഷന് അപേക്ഷിക്കുന്നതിന് കാലതാമസമുണ്ടായാൽ പെൻഷൻ നിഷേധിക്കുന്ന നടപടി സ്വീകരിക്കുന്നതായും സമിതി വിലയിരുത്തി. ആയതിനാൽ പിഴ പലിശ ഒഴിവാക്കുന്നതിനും അംശാദായം 100 രൂപയായി നിജപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. പ്രവാസികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഉന്നമനത്തിനും ഭാവി സുരക്ഷക്കും ഊന്നൽ നൽകിക്കൊണ്ട് കേരള സർക്കാർ പ്രവാസികാര്യവകുപ്പ് ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയ ഒരു സുപ്രധാന പദ്ധതിയാണ് പ്രവാസി ക്ഷേമനിധി. വിവിധ

തരത്തിലുള്ള ധനസഹായങ്ങൾ ക്ഷേമനിധി ബോർഡ് നടപ്പാക്കിവരുന്നുണ്ട് ക്ഷേമനിധിയിൽ നിന്നും 10,000 രൂപയാണ് വിവാഹധനസഹായമായി അനുവദിക്കുന്നത്. വളരെയധികം സാമ്പത്തികമായി പ്രയാസം നേരിടുന്ന കുടുംബങ്ങളാണ് ഈ ധനസഹായത്തിനായി അപേക്ഷിക്കുന്നതെന്നും പ്രസ്തുത തുക വളരെ കുറവാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ വിവാഹ ധനസഹായ തുക കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. പ്രവാസി (ഭാരതീയർ) കേരളീയരുടെ പരാതികൾ കേൾക്കുവാനും അവരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, കാതലായ ആവശ്യങ്ങൾ സർക്കാരിന്റെയും മറ്റ് ഏജൻസികളുടെയും ശ്രദ്ധയിൽപ്പെടുത്തി പരിഹാരം നിർദ്ദേശിക്കുന്നതിനുമായി രൂപീകരിച്ചതാണ് പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ. പ്രവാസിഭാരതീയർ (കേരളീയർ) കമ്മീഷനിലെ ജീവനക്കാരുടെ അപര്യാപ്തത കമ്മീഷന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി സമിതിയ്ക്ക് ലഭിച്ച പരാതികളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ ജീവനക്കാരുടെ അപര്യാപ്തത കമ്മീഷന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. നിസ്സാര കാരണങ്ങളാലും വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ ചതിയിൽപ്പെട്ടും വിദേശ രാജ്യങ്ങളിലെ ജയിലിൽ കഴിയേണ്ടി വരുന്നവർ ചെറുതും വലുതുമായ ധാരാളം നിയമ പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രവാസികൾക്ക് ആയതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് ഒരു ലീഗൽ സെന്റർ ആരംഭിക്കുന്നതിനും പ്രവാസിക്ക് പെട്ടെന്നൊരാവശ്യം വന്നാൽ നോർക്ക മുഖേന എംബസ്സിയുമായി ബന്ധപ്പെടാൻ കഴിയുന്നതിന് നോർക്കയും എംബസ്സിയുമായി ഒരു ലിങ്ക് ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. വിദേശത്തും ഇതര സംസ്ഥാനങ്ങളിലും നടക്കുന്ന പ്രവാസി മലയാളികളുടെ വിവാഹങ്ങൾ മതിയായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. മലയാളം മിഷന്റെ 2401 ലേറെ പഠനകേന്ദ്രങ്ങളിലായി 5732 ഓളം അദ്ധ്യാപകർ നിലവിൽ പഠിപ്പിക്കുന്നുണ്ടെന്നും അവർ താമസസ്ഥലങ്ങളിൽ നിന്ന് പഠനകേന്ദ്രങ്ങളിലെത്തി പഠിപ്പിക്കുന്നതും രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ പരിശീലനത്തിന് പോയി വരുന്നതും

സ്വന്തം ചെലവിലാണെന്നുള്ള പരാതി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും മലയാളം പഠിപ്പിക്കുന്ന മലയാളം മിഷൻ അധ്യാപകർക്ക് യാത്രാ ചെലവ് അനുവദിക്കുന്നതിനായി മലയാളം മിഷന്റെ ബൈലോയിൽ മാറ്റം വരുത്തുന്നതിനും ആയതിനുള്ള തുക അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. സമിതിയുടെ പരിഗണനയിലുള്ള ഹർജികളിന്മേലും സമിതിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലും വിവിധ വകുപ്പുകളിൽനിന്നും റിപ്പോർട്ട് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി സമിതി മനസിലാക്കുന്നു. (അനുബന്ധം-III) ആയതിനാൽ പ്രസ്തുത റിപ്പോർട്ടുകൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. പ്രവാസി മലയാളികൾ നേരിടുന്ന കാതലായ പ്രശ്നങ്ങളിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ അടിയന്തര ഇടപെടൽ സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നാം പ്രതിജ്ഞാബദ്ധരാണ്. പ്രവാസി പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിലൂടെ അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കരുതലായും കൈത്താങ്ങായും പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി തുടർന്നും പ്രവർത്തിക്കുന്നതാണ്.

എ. സി. മൊയ്തീൻ,

*ചെയർമാൻ,*
പ്രവാസി മലയാളികളുടെ ക്ഷേമം
സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2023, സെപ്റ്റംബർ11.

<u>അനുബന്ധം - I</u>

## സമിതിയുടെ ഇടപെടൽമൂലം പരിഹരിക്കപ്പെട്ട ഹർജികൾ സംബന്ധിച്ച വിശദാംശം

1. വിഷയം : ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. കെ. മുസ്തഫ, കോഴിക്കോട് സമർപ്പിച്ച ഹർജി സംബന്ധിച്ച്

(ഫയൽ നം. 23166/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2016/നി.സെ.)

ധനസഹായം ലഭ്യമാക്കണമെന്നായിരുന്നു ശ്രീ. സി. കെ. മുസ്തഫ, കോഴിക്കോട് 7-8-2018-ന് സമർപ്പിച്ച തുടർ ഹർജിയിലെ ആവശ്യം. ചികിത്സാ ധനസഹായത്തിനായി 2016-ൽ ടിയാൾ സമർപ്പിച്ച ഹർജിയിന്മേൽ സാന്ത്വന പദ്ധതി പ്രകാരം 50,000 രൂപ ചികിത്സാ സഹായമായി നൽകിയതിനാൽ തുടർന്ന് ധനസഹായം ലഭ്യമാക്കുവാൻ നിർവ്വാഹമില്ലായെങ്കിലും ഹർജി അനുഭാവപൂർവം പരിഗണിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 3000 രൂപ ടിയാന് അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് റവന്യൂ(ഡി.ആർ.എഫ്.-എ) വകുപ്പ് 7-12-2021-ലെ എ 2/215/2018-റവ. നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

2. വിഷയം : വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. പി. ഡി. ജയപ്രകാശ്, മുംബൈ സമർപ്പിച്ച ഹർജി സംബന്ധിച്ച്

(ഫയൽ നം. 23470/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2017/നി.സെ.)

മുംബൈ കേരള ഹൗസിലെ കോൺഫറൻസ് ഹാൾ കുറഞ്ഞ നിരക്കിൽ മലയാളി സംഘടനകൾക്കായി അനുവദിക്കുക എന്നതായിരുന്നു ശ്രീ. പി. ഡി. ജയപ്രകാശ്, മുംബൈ 20-9-2017-ന് സമർപ്പിച്ച ഹർജിയിലെ ക്രമ നമ്പർ(4)-ലെ ആവശ്യം. പ്രസ്തുത ആവശ്യം സർക്കാർ പരിശോധിക്കുകയും 23-5-2018-ലെ സ.ഉ.(സാധാ)നം.3308/2018/പൊ.ഭ.വ. പ്രകാരം വാടക നിരക്ക് കുറയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് പൊതുഭരണ(പൊളിറ്റിക്കൽ) വകുപ്പ് 11-8-2021-ലെ 129/പോൾ-2 എ/2021/പൊ.ഭ.വ. നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

3. വിഷയം : ചികിത്സാ ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. ടി. മുനീർ, വയനാട് സമർപ്പിച്ച ഹർജി സംബന്ധിച്ച്

(ഫയൽ നം.14285/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2019/നി.സെ.)

ചികിത്സാ ധനസഹായം ലഭ്യമാക്കണമെന്നായിരുന്നു ശ്രീ. കെ. ടി. മുനീർ, വയനാട് 4-1-2019-ൽ സമർപ്പിച്ച ഹർജിയിലെ ആവശ്യം. അപേക്ഷകൻ 12-8-2019-ന് മരണപ്പെട്ടിരുന്നുവെങ്കിലും 4-1-2019-ൽ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ

അടിസ്ഥാനത്തിൽ 27-10-2021-ലെ സ.ഉ. (സാധാ.) നം.3612/2021/റവ. പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 50,000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ് 5-11-2021-ലെ 358/ ഡി.ആർ.എഫ്.-സി1/2021/റവന്യൂ നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

4. വിഷയം : സാന്ത്വന പദ്ധതി പ്രകാരം ധനസഹായത്തിനായി ശ്രീ. അബ്ദുൾഖാദർ റ്റി. റ്റി., മലപ്പുറം സമർപ്പിച്ച ഹർജി സംബന്ധിച്ച്

(ഫയൽ നം. 15933/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2020/നി.സെ.)

സാന്ത്വന പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നായിരുന്നു ശ്രീ. അബ്ദുൾഖാദർ റ്റി. റ്റി., മലപ്പുറം 24-2-2020-ന് സമർപ്പിച്ച ഹർജിയിലെ ആവശ്യം. ശ്രീ. അബ്ദുൾഖാദർ റ്റി. റ്റി. സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന് 40,000 രൂപ ചികിത്സാ ധനസഹായം അനുവദിച്ചുകൊണ്ട് 27-10-2020-ലെ സ.ഉ. (സാധാ.)നം. 650/2020/നോർക്ക പ്രകാരം ഉത്തരവായിട്ടുണ്ടെന്ന് കേരളീയ പ്രവാസികാര്യ (എ) വകുപ്പ് 18-11-2020-ലെ എ 1/171/2020/നോർക്ക നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

5. വിഷയം : പ്രവാസി പെൻഷൻ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. അബു കെ. സി., കോഴിക്കോട് സമർപ്പിച്ച ഹർജി സംബന്ധിച്ച്

(ഫയൽ നം. 10061/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.)

പ്രവാസി പെൻഷൻ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നായിരുന്നു ശ്രീ. അബു കെ. സി., കോഴിക്കോട് 2-6-2022 ന് സമർപ്പിച്ച ഹർജിയിലെ ആവശ്യം. ശ്രീ. അബു കെ. സി. 28-4-2022-ൽ സമർപ്പിച്ച ഓൺലൈൻ അപേക്ഷയുടെ അടിസ്ഥാനത്തിൽ 2022 മെയ് മാസം മുതൽ ടിയാന് പെൻഷൻ നൽകിയിട്ടുണ്ടെന്ന് കേരളീയ പ്രവാസികാര്യ (എ) വകുപ്പ് 12-8-2022-ലെ എ 1/392/2022/നോർക്ക നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

6. വിഷയം : പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് പ്രവാസി വെൽഫെയർ ഫോറം സമർപ്പിച്ച ഹർജി

(ഫയൽ നം: 20049/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2017/നി.സെ.)

പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് പ്രവാസി വെൽഫെയർ ഫോറം സമർപ്പിച്ച ഹർജിയിലെ ജില്ലാ പ്രവാസി പരിഹാര കമ്മിറ്റി സംബന്ധിച്ച വിഷയത്തിന്മേൽ എല്ലാ ജില്ലകളിലും പ്രവാസികളുടെ പ്രശ്നങ്ങളുടെ സത്വര പരിഹാരത്തിനായി ജില്ലാ കളക്ടർ

അദ്ധ്യക്ഷനായി രൂപീകരിച്ച പ്രവാസി പ്രശ്നപരിഹാര കമ്മിറ്റിയുടെ ഘടന, പ്രവർത്തനരീതി, കാലാവധി ഇവ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നു എന്നീ വിവരങ്ങൾ ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നു.

ജില്ലാ കളക്ടർ ചെയർമാനായ പ്രവാസി പരിഹാര കമ്മിറ്റി ജില്ലകളിൽ പുനഃസംഘടിപ്പിച്ചുവെന്നും സമിതിയിൽ ജില്ലാ പോലീസ് മേധാവി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് തുടങ്ങിയവയുടെ പ്രതിനിധികൾ, തിരികെ വന്ന പ്രവാസികളിൽനിന്നും ഗവൺമെന്റ് നാമനിർദേശം ചെയ്യുന്ന പ്രതിനിധികൾ (ഒരു വനിത ഉൾപ്പെടെ) തുടങ്ങിയവർ അംഗങ്ങളാണെന്നും സമിതി ഒരോ മാസവും കൃത്യമായി യോഗം ചേരുന്നുവെന്നുമുള്ള റിപ്പോർട്ട് കേരളീയ പ്രവാസി കാര്യ വകുപ്പ് 23-7-2022-ലെ എ 1/344/2022-നോർക്ക കത്ത് മുഖേന ലഭ്യമാക്കിയിരുന്നു. റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഇടുക്കി, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിനുള്ള കാരണം എന്താണെന്നും വകുപ്പിനോട് ആരായുകയും ചെയ്തിട്ടുണ്ട്. (ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ പുനഃസംഘടിപ്പിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്.)

7. വിഷയം : പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖിലേന്ത്യാ മലയാളി അസോസിയേഷൻ ഡൽഹി ഘടകം സമർപ്പിച്ച ഹർജി.

(ഫയൽ നം. 23466/എൻ.ആർ.കെ.ഡബ്ല്യ.സി2/2017/നി.സെ.)

വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും സമിതി മുൻപാകെ സമർപ്പിക്കുന്ന നടപടി പത്രികകളിലും മറുപടികളിലും "അന്യസംസ്ഥാന മലയാളികൾ" എന്ന പ്രയോഗത്തിന് പകരം "ഇതര സംസ്ഥാന മലയാളികൾ" എന്ന് ഉപയോഗിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിയമസഭാ സമിതികൾ മുൻപാകെ സമർപ്പിക്കുന്ന മറുപടി/നടപടി പത്രികകളിൽ "അന്യസംസ്ഥാന മലയാളികൾ" എന്നതിനുപകരം "ഇതര സംസ്ഥാന മലയാളികൾ" എന്ന് പ്രയോഗിക്കണമെന്ന സമിതി നിർദ്ദേശം ഭാവിയിൽ കർശനമായി പാലിക്കേണ്ടതു സംബന്ധിച്ച് അതത് വകുപ്പുകളുടെ ഭരണ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് സർക്കുലർ മുഖേന നിർദ്ദേശം നല്കിയിട്ടുള്ളതുമാണെന്നുള്ള വിവരം കേരളീയ പ്രവാസി കാര്യ വകുപ്പ് 2-9-2022-ലെ ബി 1/72/2022-നോർക്ക കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. സർക്കുലർ അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്.

8. വിഷയം : തിരുത്തൽ വരുത്തിയ തിരിച്ചറിയൽ കാർഡ് പകർപ്പ് ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. മോഹൻ രാജ് പി., ചെന്നൈ സമർപ്പിച്ച ഹർജി.

(ഫയൽ നം. 20593/എൻ.ആർ.കെ.ഡബ്ല്യു.സി2 /2018/നി.സെ.)

പ്രവാസി തിരിച്ചറിയൽ കാർഡ് തിരുത്തൽ വരുത്തി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതായിരുന്നു ശ്രീ. മോഹൻ രാജ് പി., ചെന്നൈ സമർപ്പിച്ച ഹർജിയിലെ ആവശ്യം. ഹർജി പരിശോധിച്ച് വസ്തുത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ ആവശ്യപ്പെട്ട പ്രകാരം തിരുത്തൽ വരുത്തിയ ഐ ഡി കാർഡ് അപേക്ഷകന് അയച്ചുകൊടുത്തു എന്നുള്ള വിവരം കേരളീയ പ്രവാസി കാര്യ (എ) വകുപ്പ് 25-5-2019 ലെ ബി1/126/2018-നോർക്ക നമ്പർ കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു.

9. വിഷയം : പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. സാബിത്ത് എ. എ, വയനാട് സമർപ്പിച്ച ഹർജി.

(ഫയൽ നം. 14290/എൻ.ആർ.കെ.ഡബ്ല്യു.സി2/2018/നി.സെ.)

പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. സാബിത്ത് എ. എ.,വയനാട് സമർപ്പിച്ച ഹർജിയിലെ പ്രവാസികളുടെ പുനരധിവാസത്തിന് വകയിരുത്തുന്ന തുക വർദ്ധിപ്പിക്കുക, ബാങ്ക് ലോണുകളുടെ നടപടി ക്രമങ്ങൾ എളുപ്പമാക്കുക എന്നീ ആവശ്യകളിന്മേൽ കേരളീയ പ്രവാസി കാര്യ (എ) വകുപ്പ് 29-4-2021-ലെ എ 2/73/2019-നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ

(a) തിരികെയെത്തിയ പ്രവാസികൾക്ക് മാന്യമായ ജീവിതം ഉറപ്പാക്കാൻ സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

(b) അവർക്ക് ലഭ്യമാക്കുന്ന ബാങ്ക് വായ്പകൾക്ക് മൂലധന/പലിശ സബ്സിഡികൾ നൽകാനുള്ള പദ്ധതിയുടെ വായ്പ പരിധി 20 ലക്ഷം രൂപയിൽ നിന്നും 30 ലക്ഷം രൂപയായി ഉയർത്തി.

(c) മൂലധന സബ്സിഡി ലഭിക്കാനുള്ള ലോക്ക്-ഇൻ കാലയളവ് 4 വർഷത്തിൽ നിന്നും 3 വർഷമായി കുറച്ചു.

(d) പുനരധിവാസ പദ്ധതി പ്രകാരം സംരംഭം തുടങ്ങുന്നവർക്ക് സാങ്കേതിക ഉപദേശങ്ങൾ നല്കുന്നതിനും കൈത്താങ്ങിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ പങ്കാളിയാക്കി ഒറ്റ ദിവസം കൊണ്ട് ലഭ്യമാക്കാൻ സഹായിക്കുന്ന ഫീൽഡ് ക്യാമ്പുകൾ വ്യാപകമാക്കി,

(e) സ്റ്റാർട്ട് അപ്പ് മിഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ തുടങ്ങിയ സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചു.

(f) കേരള ഫിനാൻഷ്യൽ കോർപ്പറേഷനുമായി ചേർന്ന് സംസ്ഥാനത്തെ സംരംഭങ്ങൾക്ക് പ്രോത്സാഹനം നല്കുന്നതിന് രൂപീകരിച്ച ചീഫ് മിനിസ്റ്റേഴ്സ് ഓൻത്രപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ നോർക്കയുടെ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നീ വിവരങ്ങൾ അറിയിച്ചിരുന്നു.

10. വിഷയം : പ്രവാസി പെൻഷൻ തുക വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സലാം കന്യപ്പാടി, ജനറൽ സെക്രട്ടറി, ദുബായ് കേരള മുസ്ലീം കൾച്ചറൽ സെന്റർ, കാസർഗോഡ് ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി.

(ഫയൽ നം: 21156/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2021/നി.സെ.)

പ്രവാസി പെൻഷൻ തുക വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സലാം കന്യപ്പാടി, ജനറൽ സെക്രട്ടറി, ദുബായ് കേരള മുസ്ലീം കൾച്ചറൽ സെന്റർ, കാസർഗോഡ് ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജിയിന്മേലും മറ്റു ഹർജികളിലെ ആവശ്യത്തിന്റെ അടിസ്ഥാനത്തിലും പ്രവാസി പെൻഷൻതുക കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം 14-3-2022-ലെ സ.ഉ. (പി) നം. 1/2022/നോർക്ക മുഖേന പ്രവാസി കേരളീയൻ (വിദേശം) (1 എ വിഭാഗം)-ന്റെ പ്രതിമാസ മിനിമം പെൻഷൻ തുക 3,500 രൂപയായും മുൻ പ്രവാസികേരളീയന്റെ (വിദേശം) (1 ബി വിഭാഗം) യും പ്രവാസി കേരളീയന്റെ (ഭാരതം) (2 എ വിഭാഗം) യും മിനിമം പെൻഷൻ തുക 3,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന വിവരം കേരളീയ പ്രവാസി കാര്യ വകുപ്പ് 8-4-2022-ലെ എ 1/11/2022-നോർക്ക നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

## അനുബന്ധം-II

# ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക

| ക്രമ നമ്പർ | വിഷയം | ഫയൽ നമ്പർ |
|---|---|---|
| (1) | (2) | (3) |
| 1 | മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസം സംബന്ധിച്ച് ശ്രീ റ്റി. എച്ച്. കുഞ്ഞാലി മലപ്പുറം സമർപ്പിച്ച ഹർജി | 17438/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2011/നി.സെ. |
| 2 | സമിതി (2011-14) യുടെ രണ്ടാമത് റിപ്പോർട്ട് -അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് | 19026/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2012/നി.സെ. |
| 3 | സമിതി (2011-14) യുടെ ആറാമത് റിപ്പോർട്ട് - അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് | 15936/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2016/നി.സെ. |
| 4 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. സി. വി ഇക്ബാൽ, കോഴിക്കോട് സമർപ്പിച്ച ഹർജി | 23173/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2016/നി.സെ. |
| 5 | സമിതി (2016-19) യുടെ മൂന്നാമത് റിപ്പോർട്ട് - അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് | 22314/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2017/നി.സെ. |
| 6 | ക്ഷേമനിധി അംഗത്വം പുതുക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ശരത്ചന്ദ്ര ബോസ് , തൃശ്ശൂർ സമർപ്പിച്ച ഹർജി | 23529/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2017/നി.സെ. |
| 7 | മരണപ്പെട്ട ഭർത്താവിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി മോളി ജോയി, പാലക്കാട് സമർപ്പിച്ച ഹർജി | 15399/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2018/നി.സെ. |

| (1) | (2) | (3) |
|---|---|---|
| 8 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് പ്രസിഡന്റ് കേരള പ്രവാസി സംഘം നാദാപുരം ഏരിയ സമർപ്പിച്ച ഹർജി | 22406/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2018 /നി.സെ. |
| 9 | ഹോം ലോൺ മൊറട്ടോറിയത്തിന്റെ ആനുകൂല്യം ലഭ്യമാകുന്നത് സംബന്ധിച്ച് രഞ്ജിത് കുമാർ മാവേലിക്കര സമർപ്പിച്ച ഹർജി | 24103/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2018/ നി.സെ. |
| 10 | വസ്തുവിന് കരം ഒടുക്കുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. യോഗിദാശ്വൻ ,തിരുവല്ല സമർപ്പിച്ച ഹർജി | 24111/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2018/ നി.സെ. |
| 11 | ചികിത്സാ ധനസഹായം ആവശ്യപ്പെട്ട് ശ്രീ. കെ. ടി. മുനീർ വയനാട് സമർപ്പിച്ച ഹർജി | 14285/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2019/നി.സെ. |
| 12 | ഭർത്താവിൽനിന്നും ആനുകൂല്യം ലഭ്യമമാക്കണ മെന്നാവശ്യപ്പട്ട് ശ്രീമതി അനുപമ സെബാസ്റ്റ്യൻ, വയനാട് സമർപ്പിച്ച ഹർജി | 14426/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2019 /നി.സെ. |
| 13 | പ്രവാസി ക്ഷേമ പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നമെന്നപേക്ഷിച്ച് ശ്രീ. ഹംസ എ., വയനാട് സമർപ്പിച്ച ഹർജി | 14447/എൻ.ആർ.കെ. ഡബ്ല്യൂ.സി1/2019/നി.സെ. |
| 14 | സാന്ത്വന പദ്ധതി പ്രകാരം ധനസഹായത്തിനായി ശ്രീ. അബ്ദുൾ ഖാദർ മലപ്പുറം സമർപ്പിച്ച ഹർജി | 15933/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2020/ നി.സെ. |
| 15 | 2021-ലെ കേരള പൊതുജനാരോഗ്യ ആക്ടിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കോൺഫെഡറേഷൻ ഓഫ് ഹോമിയോപ്പതിക് ഓർഗനൈസേഷൻ സമർപ്പിച്ച ഹർജി | 10059/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2022/നി.സെ. |
| 16 | പ്രവാസി ക്ഷേമ പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നപേക്ഷിച്ച് ശ്രീ. പി. വി. കുഞ്ഞിപ്പോക്കർ, കോഴിക്കോട് സമർപ്പിച്ച ഹർജി | 10123/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2022/നി.സെ. |

| (1) | (2) | (3) |
|---|---|---|
| 17 | പ്രവാസി ക്ഷേമ പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നപേക്ഷിച്ച് ശ്രീ. ആബിദ് അലി, മലപ്പുറം സമർപ്പിച്ച ഹർജി | 10125/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2022 /നി.സെ. |
| 18 | സമിതി (2011-14) യുടെ മൂന്നാമത് റിപ്പോർട്ട് -അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് | 16016/എൻ.ആർ.കെ. ഡബ്ല്യൂ.സി2/ 2013/നി.സെ. |
| 19 | യമനിലെ മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പ്രവാസി ഇന്ത്യൻ വെൽഫെയർ അസോസിയേഷൻ സന റിപ്പബ്ലിക്ക് ഓഫ് യെമൻ സമർപ്പിച്ച ഹർജി | 19694/എൻ.ആർ.കെ. ഡബ്ല്യൂ.സി2/ 2014/നി.സെ. |
| 20 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. കെ. ജി. അജിത് ജനറൽ സെക്രട്ടറി കേരള പ്രവാസി സംഘം, കോട്ടയം ജില്ലാ കമ്മിറ്റി | 14528/എൻ.ആർ.കെ. ഡബ്ല്യൂ.സി2/ 2017/നി.സെ. |
| 21 | സമിതി (2016-19) യുടെ അഞ്ചാമത് റിപ്പോർട്ട്(NDPREM)-അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് | 20341/എൻ.ആർ.കെ. ഡബ്ല്യൂ.സി1/ 2018/നി.സെ. |
| 22 | പ്രവാസികൾക്ക് ഐ ഡി കാർഡ് ലഭ്യമാക്കുന്നതി നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് ശ്രീ. കെ. ശശി ചെന്നൈ സമർപ്പിച്ച ഹർജി | 20589/എൻ.ആർ.കെ. ഡബ്ല്യൂ.സി2/ 2018/നി.സെ. |
| 23 | പ്രവാസി പെൻഷൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. രാജൻ വയനാട് സമർപ്പിച്ച ഹർജി | 14282/എൻ.ആർ.കെ. ഡബ്ല്യൂ.സി2/ 2019/നി.സെ. |
| 24 | പെൻഷൻ തുടർ ചികിത്സ എന്നിവക്കുള്ള ധന സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ആയിഷ വയനാട് സമർപ്പിച്ച ഹർജി | 14298/എൻ.ആർ.കെ. ഡബ്ല്യൂ.സി2/ 2019/നി.സെ. |
| 25 | പ്രവാസി ക്ഷേമ ബോർഡിലേക്ക് അടച്ച തുകയ്ക്ക് പരിഗണയുണ്ടോ എന്നറിയുന്നതിനായി ശ്രീ. അസീസ് കോടാലി സമർപ്പിച്ച ഹർജി | 14522/എൻ.ആർ.കെ. ഡബ്ല്യൂ.സി2/ 2019/നി.സെ. |

| (1) | (2) | (3) |
|---|---|---|
| 26 | അബുദാബിയിൽ വച്ച് വാഹനാപകടത്തിൽ മരിച്ച ഭർത്താവിന്റെ ഇൻഷ്വറൻസ് തുക ലഭ്യമാക്കണ മെന്നാവശ്യപ്പെട്ട് ശ്രീമതികൊച്ചു ത്രേസിയ എറണാകുളം സമർപ്പിച്ച ഹർജി | 14909/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2019/നി.സെ. |
| 27 | സമിതി (2019-21) യുടെ അഖിലേന്ത്യ പഠന പര്യടന പരിപാടി സംബന്ധിച്ച് | 20133/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2019/നി.സെ. |
| 28 | മറുനാടൻ മലയാളികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. സജിമോൻ ഓൾ ഇന്ത്യ അസോസിയേഷൻ സമർപ്പിച്ച ഹർജി | 21527/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2019/നി.സെ. |
| 29 | സമിതി (2021-23) യുടെ ഒന്നാമത് റിപ്പോർട്ട് (2011-14 അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്) | 14481/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2021/നി.സെ. |

അനുബന്ധം -III

## സമിതിയുടെ പരിഗണനയിലുള്ള ഹർജികളിന്മേൽ ഗവൺമെന്റിൽനിന്നും റിപ്പോർട്ട് ലഭ്യമാകാത്ത ഫയലുകളുടെ പട്ടിക

**കേരളീയ പ്രവാസി കാര്യ വകുപ്പ്**

| | | |
|---|---|---|
| 1 | ചികിത്സാ പിഴവിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ശ്രീമതി നീതുജോസ്, കോട്ടയം സമർപ്പിച്ച പുനഃഹർജി (ഫയൽ നം : 14525/എൻ.ആർ.കെ.ഡബ്ല്യു.സി1/2017/നി.സെ.) | എ 1/428/2017/ നോർക്ക dt. 23-5-2023 |
| 2 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ജലീൽ പാലോത്ത്, കാസർഗോഡ് സമർപ്പിച്ച ഹർജി (ഫയൽ നം: 15808/എൻ.ആർ.കെ.ഡബ്ല്യു.സി1/2017/നി.സെ.) | എ 1/344/2022/ നോർക്ക dt. 22-6-2023 |
| 3 | സമിതി(2016-19)യുടെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് (ഫയൽ നം: 19100/എൻ.ആർ.കെ.ഡബ്ല്യു.സി1/2017/നി.സെ.) | ബി2/151/2017- നോർക്ക dt. 10-8-2021 |
| 4 | പ്രവാസികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. സി. എസ്. ഹുസൈൻ തങ്ങൾ, കേരള പ്രവാസി ലീഗ്, തൃശ്ശൂർ ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി (ഫയൽ നം: 20878/എൻ.ആർ.കെ.ഡബ്ല്യു.സി1/2017/നി.സെ.) | ബി2/427/2017- നോർക്ക dt. 25-8-2021 |
| 5 | ഭർത്താവിന്റെ മരണാനന്തര ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ബുഷ്റ, മലപ്പുറം സമർപ്പിച്ച ഹർജി (ഫയൽ നം: 22219/എൻ.ആർ.കെ.ഡബ്ല്യു.സി1/2017/നി.സെ.) | എ 1/535/2022/ നോർക്ക dt. 18-5.2023 |
| 6 | സമിതി(2019-21)യുടെ ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് (ഫയൽ നം: 14153/എൻ.ആർ.കെ.ഡബ്ല്യു.സി1/2019/നി.സെ.) | എ 1/529/2019/ നോർക്ക dt. 16-6-2023 |
| 7 | സമിതി(2019-21)യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് (ഫയൽ നം: 16758/എൻ.ആർ.കെ.ഡബ്ല്യു.സി1/2020/നി.സെ.) | ബി2/282/2021- നോർക്ക dt. 28-9-2021 |
| 8 | സമിതി(2019-21)യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് (ഫയൽ നം:12409/എൻ.ആർ.കെ.ഡബ്ല്യു.സി1/2021/നി.സെ.) | ബി2/350/2019/ നോർക്ക dt. 27-9-2019 |

| | | |
|---|---|---|
| 9 | സമിതി(2021-23)യുടെ 15.12.2021-ലെ തെളിവെടുപ്പ് യോഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങളിന്മേലുള്ള തുടർനടപടി സംബന്ധിച്ച്<br>(ഫയൽ നം:19508/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2021/നി.സെ.) | എ 2/336/2021/<br>നോർക്ക<br>dt. 14-6-2022 |
| 10 | ബിസിനസ് പങ്കാളിയെ കണ്ടെത്തി നിയമ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി രതി, തൃശ്ശൂർ സമർപ്പിച്ച ഹർജി<br>(ഫയൽ നം:21765/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2021/നി.സെ.) | എ 3/43/2022/<br>നോർക്ക<br>dt. 3-3-2022 |
| 11 | സമിതി(2021-23)യുടെ 03.02.2022-ലെ യോഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങളിന്മേലുള്ള തുടർനടപടി സംബന്ധിച്ച്<br>(ഫയൽ നം:794/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | |
| 12 | ജയിലിൽ കഴിയുന്ന മകന് നീതി ലഭിക്കുന്നതിനുവേണ്ട സഹായം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി നബീസ, കാസർഗോഡ് സമർപ്പിച്ച ഹർജി<br>(ഫയൽ നം:3468/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | എ 3/199/2022/<br>നോർക്ക<br>dt. 1-4-2022 |
| 13 | ഭർത്താവിന്റെ മോചനത്തിനുവേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഫാത്തിമ്മത്ത് സുമാനിഷാന ടി. എം., കാസർഗോഡ് സമർപ്പിച്ച ഹർജി<br>(ഫയൽ നം:3470/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | എ 3/167/2022/<br>നോർക്ക<br>dt. 8-7-2022 |
| 14 | സമിതി(2021-23)യുടെ 24.03.2022-ലെ തെളിവെടുപ്പ് യോഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങളിന്മേലുള്ള തുടർനടപടി സംബന്ധിച്ച്<br>(ഫയൽ നം:4759/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | ബി2/259/2022-<br>നോർക്ക<br>dt. 10-6-2022 |
| 15 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. റസാഖ് പാലേരി, പ്രസിഡന്റ് പ്രവാസി വെൽഫെയർ ഫോറം സമർപ്പിച്ച ഹർജി<br>(ഫയൽ നം:10049/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | |
| 16 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. എ. പി. ഇബ്രാഹിം മുഹമ്മദ്, ചെയർമാൻ, കേരള മുസ്ലീം കൾച്ചറൽ സെന്റർ സമർപ്പിച്ച ഹർജി<br>(ഫയൽ നം:10055/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | |
| 17 | പ്രവാസി പെൻഷനും ചികിത്സാ സഹായവും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. റ്റി. കെ. അബ്ദുള്ള, കോഴിക്കോട് സമർപ്പിച്ച ഹർജി<br>(ഫയൽ നം:10121/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | എ 1/391/2022/<br>നോർക്ക<br>dt. 24-1-2023 |

| | | |
|---|---|---|
| 18 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള സമാജം, ചണ്ഡീഗഡ് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 14967/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | ബി1/259/2022/<br>നോർക്ക<br>dt. 19-10-2022 |
| 19 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ക്ലബ്, ഡൽഹി സമർപ്പിച്ച ഹർജി<br>(ഫയൽ നം. 14973/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | |
| 20 | പോലീസ് സ്റ്റേഷനിലെ FIR അസത്യമാണെന്ന് ആരോപിച്ച് ശ്രീ. അബ്ദുൽ ലത്തീഫ്, കാസർഗോഡ് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 16305/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | ബി2/475/2022-<br>നോർക്ക<br>dt. 20-10-2022 |
| 21 | ഭവന നിർമ്മാണത്തിനായി സബ്സിഡിയോടുകൂടി സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സുനിൽ ഖാൻ, പ്രവാസി ഫെഡറേഷൻ, പത്തനംതിട്ട സമർപ്പിച്ച ഹർജി<br>(ഫയൽ നം. 10342/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/നി.സെ.) | |
| 22 | പത്തനംതിട്ട നോർക്ക റൂട്ട്സിന്റെ ഓഫീസിൽ ജീവനക്കാരുടെ സേവനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. രഘുനാഥ് ഇടത്തിട്ട, സെക്രട്ടറി, കേരള പ്രവാസി സംഘം, പത്തനംതിട്ട ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി<br>(ഫയൽ നം. 10347/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/നി.സെ.) | ബി1/133/2023-<br>നോർക്ക<br>dt. 7-7-2023 |
| 23 | പ്രവാസിക്ഷേമവികസനകോർപ്പറേഷൻ രൂപീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ സലിം റാവുത്തർ, പത്തനംതിട്ട സമർപ്പിച്ച ഹർജി<br>(ഫയൽ നം. 10349/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/നി.സെ.) | |
| 24 | സമിതി (2016-19) യുടെ നാലാമത് (മറുനാടൻ മലയാളികളുടെ പ്രശ്നങ്ങൾ) റിപ്പോർട്ടിലെ ശിപാർശയിന്മേൽ സമിതി ആരാഞ്ഞ അധിക വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്<br>(ഫയൽനം. 20344/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2018/നി.സെ.) | ബി 2/176/2022-<br>നോർക്ക തീയതി<br>5-5-2022 |
| 25 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ സാബിത്ത് എ.എ സമർപ്പിച്ച ഹർജി -അധികവിവര റിപ്പോർട്ട് ലഭ്യമാകുന്നത് സംബന്ധിച്ച്<br>(ഫയൽ നം. 14290/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2019/നി.സെ.) | എ 2/73/19-<br>നോർക്ക<br>തീയതി 3-5-2023 |

| | | |
|---|---|---|
| 26 | ഭവന നിർമ്മാണ ബോർഡിൽ നിന്നെടുത്ത ഭവന വായ്പ തിരിച്ചടവിൽ നിന്നും ഒഴിവാക്കി നൽക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി എം. എം. ലീല സമർപ്പിച്ച തുടർ ഹർജി (ഫയൽ നം. 14427/എൻ.ആർ.കെ.ഡബ്ല്യു.സി2/2019/നി.സെ.) | |
| 27 | സമിതിയുടെ 28-12-2021-ലെ യോഗ നിർദ്ദേശപ്രകാരമുള്ള റിപ്പോർട്ട് ആവശ്യപ്പെടുന്നത് സംബന്ധിച്ച് (ഫയൽ നം. 20424/എൻ.ആർ.കെ.ഡബ്ല്യു.സി2/2022 /നി.സെ.) | ബി 2/161/2022-നോർക്ക തീയതി 6-5-2022 |
| 28 | സൗദി അറേബ്യയിൽ നാണു ഉത്തമൻ എന്നയാളിൽ നിന്നും ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ സലിം മുഹമ്മദ് സമർപ്പിച്ച ഹർജി (ഫയൽ നം. 3469/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/നി.സെ.) | ബി 2/160/2022-നോർക്ക തീയതി 14-4-2022 |
| 29 | പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനിൽ കോർട്ട് ഓഫീസറെയും മതിയായ സ്റ്റാഫുകളെയും നിയമിക്കണമെന്നാവശ്യപ്പെട്ട് ശ്രീ അബ്ദുൽ മനാഫ്, ജനറൽ സെക്രട്ടറി, ഗ്ലോബൽ പ്രവാസി റിട്ടേർണീസ് അസോസിയേഷൻ, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നം. 10020/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/നി.സെ.) | ബി 2/447/2022-നോർക്ക തീയതി 14-11-2022 |
| 30 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. പി. എം. എ. ജലീൽ, പ്രസിഡന്റ്, കേരള പ്രവാസി ലീഗ് തിരൂരങ്ങാടി മണ്ഡലം കമ്മിറ്റി സമർപ്പിച്ച ഹർജി - അധികവിവര റിപ്പോർട്ട് ലഭ്യമാകുന്നത് സംബന്ധിച്ച് (ഫയൽ നം. 10054/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/നി.സെ.) | |
| 31 | ബാങ്ക് ലോൺ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പട്ട് ഐ സിദ്ധാർത്ഥൻ കോഴിക്കോട് സമർപ്പിച്ച പുനഃ ഹർജി (ഫയൽ നം. 10124/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/നി.സെ.) | എ 2/248/2022-നോർക്ക തീയതി 2-5-2023 |

| | | |
|---|---|---|
| 32 | ഡൽഹിയിൽ വിദ്യാർത്ഥി ഹെല്പ് ഡെസ്ക് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കെ. കെ. മുഹമ്മദ് ജനറൽ സെക്രട്ടറി കെ എം സി സി കേരള ക്ലബ്, ഡൽഹി സമർപ്പിച്ച ഹർജി (ഫയൽ.14972 എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/നി.സെ.) | ബി1/337/2022- നോർക്ക തീയതി 15-12-2022 |
| 33 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. സുനിൽ ഖാൻ, സെക്രട്ടറി, പ്രവാസി ഫെഡറേഷൻ, പത്തനംതിട്ട സമർപ്പിച്ച ഹർജി (ഫയൽ നം : 10345 /എൻ.ആർ.കെ.ഡബ്ല്യൂ.സി2/2023/നി.സെ.) | |
| 34 | പെൻഷനും ചികിത്സാധനാസഹായവും ആവശ്യപ്പെട്ട് ശ്രീ കമലാസനൻ. പി.ആർ, പത്തനംതിട്ട സമർപ്പിച്ച ഹർജി (ഫയൽ നം : 10348 /എൻ.ആർ.കെ.ഡബ്ല്യൂ.സി2/2023/നി.സെ.) | എ 1/269/2023/ നോർക്ക തീയതി 10-7-2023 |
| 35 | എമർജൻസി സർട്ടിഫിക്കറ്റ്/ഔട്പാസ് ലഭിച്ച് നാട്ടിലെത്തുന്ന പ്രവാസികൾക്ക് അവരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു രേഖ ലഭ്യമാക്കുന്നതിനുള്ള നടപടി ആവശ്യപ്പെട്ട ശ്രീ. സലിം റാവുത്തർ, പത്തനംതിട്ട സമർപ്പിച്ച തുടർ ഹർജി സംബന്ധിച്ച് (ഫയൽ നം. 10350/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2023/നി.സെ.) | ബി3/441/2018- നോർക്ക തീയതി 2-8-2021 |

**പിന്നാക്ക വിഭാഗ വികസന വകുപ്പ്**

| | | |
|---|---|---|
| 1 | സമിതി (2021-23)യുടെ 15-12-2021-ലെ തെളിവെടുപ്പ് യോഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് (ഫയൽ നം:19508/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2021/നി.സെ.) | എ 2/50/2022/ പി-വി-വി-വ തീയതി 10-10-2022 |
| 2 | സമിതി(2016-19) യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച് (ഫയൽനം:16615/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2019 /നി.സെ.) | ബി3/144/2021 പി-വി-വി-വ. തീയതി 23-11-2021 |

**തദ്ദേശ സ്വയംഭരണ വകുപ്പ്**

| | | |
|---|---|---|
| 1 | സമിതി(2019-21)യുടെ രണ്ടാമത് റിപ്പോർട്ട്- തുടർനടപടി സംബന്ധിച്ച്<br><br>(ഫയൽനം:14572 എൻ.ആർ.കെ.ഡബ്ല്യു.സി1/2021/നി.സെ.) | ഡി3/25/2022/LSGD dt 14-2-2023 |
| 2 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. എ. പി. ഇബ്രാഹിം മുഹമ്മദ്, ചെയർമാൻ, കേരള മുസ്ലീം കൾച്ചറൽ സെന്റർ സമർപ്പിച്ച ഹർജി<br><br>(ഫയൽ നം:10055/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/നി.സെ.) | EPA1/34/2023/LSGD<br>dt 16-3-2023 |
| 3 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. മൊയ്തീൻ കോയ എം. പി., മെമ്പർ, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച ഹർജി<br><br>(ഫയൽ നം:10058/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/നി.സെ.) | EPA1/54/2023-LSGD<br>dt 6-5-2023 |
| 4 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള പ്രവാസി ലീഗ് പത്തനംതിട്ട ജില്ലാ കമ്മിറ്റി പ്രസിഡന്റ് ശ്രീ. നിസാർ നൂർമഹൽ സമർപ്പിച്ച ഹർജി<br><br>(ഫയൽ നം:24108/എൻ.ആർ.കെ.ഡബ്ല്യു.സി1/2018/നി.സെ.) | |
| 5 | സമിതിയുടെ 28-12-2021-ലെ യോഗ നിർദ്ദേശപ്രകാരമുള്ള റിപ്പോർട്ട് ആവശ്യപ്പെടുന്നത് സംബന്ധിച്ച്<br><br>(ഫയൽ നം. 20424 എൻ.ആർ.കെ.ഡബ്ല്യു.സി2/2022/നി.സെ.) | |
| 6 | വിദേശത്ത് /ഇതര സംസ്ഥാനങ്ങളിൽ വച്ച് മലയാളികൾ തമ്മിൽ നടക്കുന്ന വിവാഹങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്യാൻ അനുമതി നല്കണമെന്നവശ്യപ്പെട്ട് ശ്രീ. സത്താർ വടക്കുമ്പാട് സമർപ്പിച്ച ഹർജി<br><br>(ഫയൽ നം:984/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/നി.സെ.) | ആർ.സി3/43/2022 ത.സ്വ ഭ.വ<br>തീയതി 25-3-2022 |

| | | |
|---|---|---|
| 7 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ പി എം എ ജലീൽ, പ്രസിഡന്റ്, കേരള പ്രവാസി ലീഗ് തിരൂരങ്ങാടി മണ്ഡലം കമ്മിറ്റി സമർപ്പിച്ച ഹർജി -അധികവിവര റിപ്പോർട്ട് ലഭ്യമാകുന്നത് സംബന്ധിച്ച്<br>(ഫയൽ നം:10054/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022//നി.സെ.) | പി.എസ്1/ 193/2022 ത.സ്വ. ഭ. വ.<br>തീയതി 21.10.2022 |

**സാംസ്കാരികകാര്യ വകുപ്പ്**

| | | |
|---|---|---|
| 1 | സമിതി (2011-14)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച്<br>(ഫയൽ നം:12812/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2014//നി.സെ.) | എ 2/163/2017- സാം.കാ.വ. dt. 13-6-2023 |
| 2 | മുംബൈ മലയാളികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പി. ഡി. ജയപ്രകാശ്, ചെയർമാൻ, മുംബൈ മലയാളി സംയുക്ത സമിതി സമർപ്പിച്ച ഹർജി<br>(ഫയൽ നം:20819/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2016//നി.സെ.) | സി1/50/2017- സാം.കാ.വ. dt. 14-9-2022 |
| 3 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ജനസംസ്കൃതി, ഡൽഹി സമർപ്പിച്ച ഹർജി<br>(ഫയൽ നം:23467/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2017//നി.സെ.) | സി1/104/2019- സാം.കാ.വ. dt. 13-10-2022 |
| 4 | പ്രവാസികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പി. ഡി. ജയപ്രകാശ്, കൺവീനർ, മുംബൈ മലയാളി സംയുക്ത സമിതി സമർപ്പിച്ച ഹർജി<br>(ഫയൽ നം:23470/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2017//നി.സെ.) | സി1/30/2022- സാം.കാ.വ. dt. 13-10-2022 |
| 5 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. കുമ്പളങ്ങാട് ഉണ്ണികൃഷ്ണൻ സമർപ്പിച്ച ഹർജി - അധികവിവര റിപ്പോർട്ട് ലഭ്യമാകുന്നത് സംബന്ധിച്ച്<br>ഫയൽ നം:20591/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2018//നി.സെ.) | സി1/189/18/ സാം.ക. വ. തീയതി 18-5-2019 |
| 6 | സമിതി(2016-19) യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്<br>(ഫയൽ നം:16615/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2019//നി.സെ.) | എ 1/39/2019/ സാം.ക. വ തീയതി 18-11-2020 |

**നികുതി വകുപ്പ്**

| | | |
|---|---|---|
| | സമിതി (2016-19)യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച് (ഫയൽ നം:16615/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2019//നി.സെ.) | എച്ച് 2/90/2022/ നി.വ. തീയതി 7-1-2022 |

**ഗതാഗതവകുപ്പ്**

| | | |
|---|---|---|
| 1 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. എ. പി. ഇബ്രാഹിം മുഹമ്മദ്, ചെയർമാൻ, കേരള മുസ്ലീം കൾച്ചറൽ സെന്റർ സമർപ്പിച്ച ഹർജി (ഫയൽ നം:10055/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | |
| 2 | ജയ്പൂർ - തിരുവനന്തപുരം/കന്യാകുമാരി സൂപ്പർഫാസ്റ്റ് ട്രെയിൻ ആരംഭിക്കണമെന്നാവശ്യപ്പെട്ട് കേരള സമാജം സൊസൈറ്റി, ജയ്പൂർ സമർപ്പിച്ച ഹർജി (ഫയൽ നം:14956/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | E1/24/2023-TRANS dt. 23-1-2023 |
| 3 | അമൃത്സർ-കൊച്ചുവേളി എക്സ്പ്രസ്സ് ട്രെയിനിന്റെ റൂട്ടിൽ ചണ്ഡീഗഡിനെ കൂടി ബന്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് മലയാളി സമാജം, മൊഹാലി സമർപ്പിച്ച ഹർജി (ഫയൽ നം:14959/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | ഇ 1/163/2023/ ഗതാ. dt. 30-3-2023 |
| 4 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള സമാജം, ചണ്ഡീഗഢ് സമർപ്പിച്ച ഹർജി (ഫയൽ നം:14967 എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | TRAE1/26/2022 -TRANS dt. 20-10-2022 |
| 5 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ക്ലബ്, ഡൽഹി സമർപ്പിച്ച ഹർജി (ഫയൽ നം:14973 എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | |
| 6 | സമിതി(2016-19) യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച് (ഫയൽ :16615/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2019//നി.സെ.) | A4/35/2020-TRANS തീയതി 8-10-2020 |

| | | |
|---|---|---|
| 7 | സമിതി(2019-21) യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച് (ഫയൽ നം:16100/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2019//നി.സെ.) | ഡി 2/51/2021/ ഗതാ. തീയതി 5-5-2022 |
| 8 | അകം പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ജയ്പൂർ നായർ സർവ്വീസ് സൊസൈറ്റി സമർപ്പിച്ച ഹർജി (ഫയൽ നം :14921/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022//നി.സെ.) | TRA E1/162/2022-TRANS തീയതി 15-11-2022 |
| 9 | അകം പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. പി. കെ. സജീവ്, ജനറൽ സെക്രട്ടറി, ഉദയ്പ്പൂർ കേരള സമാജം സമർപ്പിച്ച ഹർജി. (ഫയൽ നം :14958 /എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022//നി.സെ.) | E1/5/2022-TRANS തീയതി 28-9-2022 |

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**

| | | |
|---|---|---|
| 1 | MBBS വിദ്യാർത്ഥികളുടെ തുടർപഠനത്തിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പേരന്റ്സ് അസോസിയേഷൻ ഓഫ് ഫോറിൻ മെഡിക്കൽ ഗ്രാജ്വേറ്റ്സ്, തൃശ്ശൂർ സമർപ്പിച്ച ഹർജി (ഫയൽ നം :5450 /എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022//നി.സെ.) | PS/242/2022/ H & FWD dt. 10-10-2022 |
| 2 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മലയാളി വെൽഫെയർ അസോസിയേഷൻ, ഡൽഹി സമർപ്പിച്ച ഹർജി (ഫയൽ നം :14969/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022//നി.സെ.) | PS/320/2022/ H & FWD dt. 1-11-2022 |
| 3 | ഉക്രൈൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ നാട്ടിലെത്തിയ വിദ്യാർത്ഥികൾക്ക് തുടർ പഠനം സാധ്യമാക്കണമെന്നാവശ്യപ്പെട്ട് കുമാരി ആയിഷത്ത് നിഹാല, കാസർഗോഡ് സമർപ്പിച്ച ഹർജി (ഫയൽ നം:4773/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022//നി.സെ.) | PS/306/2022/ H & FWD dt.7-11-2022 |

**വിനോദസഞ്ചാരവകുപ്പ്**

| | | |
|---|---|---|
| | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള സമാജം, ചണ്ഡീഗഡ് സമർപ്പിച്ച ഹർജി<br>(ഫയൽ നം:14967 എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | |

**പൊതുഭരണ(പൊളിറ്റിക്കൽ)വകുപ്പ്**

| | | |
|---|---|---|
| | സമിതി(2016-19) യുടെ നാലാമത് (മറുനാടൻ മലയാളികളുടെ പ്രശ്നങ്ങൾ) റിപ്പോർട്ടിലെ ശിപാർശയിന്മേൽ അധിക വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്<br>(ഫയൽ നം:20344/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2018/നി.സെ.) | സി3/125/2018/ ടൂറിസം തീയതി 27-10-2018 |

**ധനകാര്യ വകുപ്പ്**

| | | |
|---|---|---|
| 1 | ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. അബ്ദുൽ നാസർ, കണ്ണൂർ സമർപ്പിച്ച ഹർജി<br>(ഫയൽ നം:20421/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | എസ്.എഫ്.സി.-ബി3/117/ 2022/ധനം dt. 12-1-2023 |
| 2 | പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനിൽ കോർട്ട് ഓഫീസറെയും മതിയായ സ്റ്റാഫുകളെയും നിയമിക്കണമെന്നാവശ്യപ്പെട്ട് ശ്രീ അബ്ദുൽ മനാഫ് , ജനറൽ സെക്രട്ടറി, ഗ്ലോബൽ പ്രവാസി റിട്ടേർണീസ് അസോസിയേഷൻ, കോഴിക്കോട് സമർപ്പിച്ച ഹർജി<br>(ഫയൽ നം : 10020/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/നി.സെ.) | |

**പരിസ്ഥിതി വകുപ്പ്**

| | | |
|---|---|---|
| | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഗുലാം ഹുസൈൻ ജനറൽ സെക്രട്ടറി, ഗ്ലോബൽ പ്രവാസി വെൽഫെയർ സൊസൈറ്റി സമർപ്പിച്ച ഹർജി<br>(ഫയൽ നം :10056/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/നി.സെ.) | |

**റവന്യൂ വകുപ്പ്**

| | | |
|---|---|---|
| 1 | വ്യവസായ സംരംഭത്തിനുവേണ്ടി നിലം മണ്ണിട്ടുയർത്തുന്നതിനുള്ള അനുമതിക്കായി ശ്രീ. വിജയപ്പൻ, ചങ്ങനാശ്ശേരി സമർപ്പിച്ച ഹർജി<br>(ഫയൽ നം :14529/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2017/നി.സെ.) | REV-P1/298/ 2017-REV dt. 5-12-2022 |
| 2 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. എ. പി. ഇബ്രാഹിം മുഹമ്മദ്, ചെയർമാൻ, കേരള മുസ്ലീം കൾച്ചറൽ സെന്റർ സമർപ്പിച്ച ഹർജി<br>(ഫയൽ നം:10055/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/നി.സെ.) | റവന്യൂ-ജി3/341/ 2022-റവന്യൂ dt. 1-9-2022 |
| 3 | പട്ടയത്തിൽ സർവ്വേ നമ്പർ ചേർത്തു നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ ഇഫ്തികാറുദ്ദീൻ സമർപ്പിച്ച ഹർജി<br>(ഫയൽ നം :10126/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/നി.സെ.) | ps1/210/2022 തീയതി 15-9-2022 |
| 4 | അകം പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ജയ്പൂർ നായർ സർവ്വീസ് സൊസൈറ്റി സമർപ്പിച്ച ഹർജി<br>(ഫയൽ നം :14921/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/നി.സെ.) | ps1/380/2022-REV തീയതി 4-11-2022 |

**പൊതു വിദ്യാഭ്യാസ വകുപ്പ്**

| | | |
|---|---|---|
| 1 | സമിതി(2011-14)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച്<br>(ഫയൽ നം:12812/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2014//നി.സെ.) | എം2/267/2020/ പൊ.വി.വ. dt. 4-5-2023 |
| 2 | അകം പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ പി കെ സജീവ്, ജനറൽ സെക്രട്ടറി, ഉദയ്പ്പൂർ കേരള സമാജം സമർപ്പിച്ച ഹർജി.<br>(ഫയൽ നം :14958 /എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/നി.സെ.) | പി.എസ്1/459/ 2022/പൊ.വി.വ. dt. 4-1-2023 |
| 3 | മലയാളം സീനിയർ ഹയർ ഡിപ്ലോമ കോഴ്സായ നീലക്കുറിഞ്ഞിയുടെ പരീക്ഷ നടത്തിപ്പ് പരീക്ഷ ഭവനെ ഏൽപ്പിക്കുന്നതിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ശ്രീനിവാസ് എൻ. വി., സെക്രട്ടറി, മലയാളം മിഷൻ ഡൽഹി<br>(ഫയൽ നം. 14960/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/ നി.സെ.) | എസ്.സി1/415/ 2022/പൊ. വി. വ. തീയതി 12-7-2023. |

**ആഭ്യന്തര വകുപ്പ്**

| | | |
|---|---|---|
| 1 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ആൾ ഇന്ത്യ കെ.എം.സി.സി. പ്രസിഡന്റ് ശ്രീ. കെ. കുഞ്ഞുമോൻ ഹാജി സമർപ്പിച്ച ഹർജി<br>(ഫയൽ നം :20588/ എൻ.ആർ.കെ.ഡബ്ല്യു.സി1/2018//നി.സെ.) | HOME-M2/427/2018 തീയതി 21-7-2022 |
| 2 | പോലീസ് കേസിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സനൽകുമാർ, കൊല്ലം സമർപ്പിച്ച ഹർജി<br>(ഫയൽ നം :936/എൻ.ആർ.കെ.ഡബ്ല്യു.സി1/2022//നി.സെ.) | ഡി2/233/2022/ ആഭ്യന്തരം dt. 21-6-2022 |
| 3 | സാമ്പത്തിക തട്ടിപ്പ് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ശ്രീ അലക്സ് പി. സുനിൽ സമർപ്പിച്ച ഹർജി<br>(ഫയൽ നം :18586/ എൻ.ആർ.കെ.ഡബ്ല്യു.സി2/2022//നി.സെ.) | HOME-M2/426/2022 തീയതി 15-12-2022 |

**ഉന്നത വിദ്യാഭ്യാസ വകുപ്പ്**

| | | |
|---|---|---|
| 1 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. റസാഖ് പാലേരി, പ്രസിഡന്റ് പ്രവാസി വെൽഫെയർ ഫോറം സമർപ്പിച്ച ഹർജി<br>(ഫയൽ നം:10049/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/നി.സെ.) | |
| 2 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. എ. പി. ഇബ്രാഹിം മുഹമ്മദ്, ചെയർമാൻ, കേരള മുസ്ലീം കൾച്ചറൽ സെന്റർ സമർപ്പിച്ച ഹർജി<br>(ഫയൽ നം:10055/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/നി.സെ.) | |
| 3 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. മൊയ്തീൻ കോയ എം. പി., മെമ്പർ, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച ഹർജി<br>(ഫയൽ നം:10058/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/നി.സെ.) | |
| 4 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ക്ലബ്, ഡൽഹി സമർപ്പിച്ച ഹർജി<br>(ഫയൽ നം:14973/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/നി.സെ.) | |

**വ്യവസായ വകുപ്പ്**

| | | |
|---|---|---|
| | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ജിദ്ദ കൊണ്ടോട്ടി മുൻസിപ്പൽ കേരള മുസ്ലീം കൾച്ചറൽ സെന്റർ കമ്മിറ്റി സമർപ്പിച്ച ഹർജി (ഫയൽ നം :23162 എൻ.ആർ.കെ.ഡബ്ല്യൂ.സി1/2016//നി.സെ.) | വ്യവ-സി1/110/ 2019/വ്യവ. dt. 21-8-2020 |

**പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്**

| | | |
|---|---|---|
| | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ക്ലബ്, ഡൽഹി സമർപ്പിച്ച ഹർജി (ഫയൽ നം :14973 എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022//നി.സെ.) | 140/പൊളി4/ 2022/ പൊ.ഭ.വ. dt. 27-1-2023 |